LIBRARY ARCHIVES Kerala Legislative Assembly

നെൽവയൽ നീർത്തട സംരക്ഷണ നിയമം സംബന്ധിച്ച സുപ്രീംകോടതി കേസ്

170 (1213) ശ്രീ. എസ്. ശർമ്മ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ദാസൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2008-ലെ നെൽവയൽ നീർത്തട സംരക്ഷണ നിയമം സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ് നിലവിലുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് സർക്കാർ സമർപ്പിച്ച സത്യവാങ്മൂലം അവ്യക്തമാണെന്ന് ആക്ഷേപം ഉയർന്നിട്ടുണ്ടോ ;

(സി) പ്രസ്തുത സത്യവാങ്മൂലം തയ്യാറാക്കിയത് ആരാണെന്ന് അറിയിക്കാമോ ; ഇതിൽ പിന്നീട് ഭേദഗതി വരുത്തുകയോ സത്യവാങ്മൂലം പൂർണ്ണമായും മാറ്റുകയോ ചെയ്തിട്ടുണ്ടോ ;

(ഡി) കോടതിയിൽ സമർപ്പിക്കുന്നതിനുമുമ്പ് ഇത് റവന്യൂ ഉദ്യോഗസ്ഥർ കണ്ടിരുന്നോ ; അവരുടെ അറിവോടെയാണോ സമർപ്പിച്ചത് ; ആരായിരുന്നു അതിൽ ഒപ്പിട്ടിരുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രീമതി ജലജ ദിലീപ് Vs RDO ഫോർട്ട് കൊച്ചി (WP(C) 11784/12) കേസ്സിലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായത്തിനെതിരെ സുപ്രീം കോടതി മുമ്പാകെ SLP നിലവിലുണ്ടായിരുന്നു. ഈ കേസിൽ സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് സർക്കാർ ഫയൽ ചെയ്ത സത്യവാങ്മൂലം അവ്യക്തമാണെന്ന് ആക്ഷേപമുയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശപ്രകാരം സർക്കാരിൽ നിന്നാണ് സത്യവാങ്മൂലം തയ്യാറാക്കി സമർപ്പിച്ചത്. സത്യവാങ്മൂലം ഫയൽ ചെയ്തശേഷം ആയതിൽ ഇതുവരെ ഭേദഗതി വരുത്തിയിട്ടില്ല.

(ഡി) പ്രസ്തുത സത്യവാങ്മൂലം റവന്യൂ ഉദ്യോഗസ്ഥർ കണ്ടിരുന്നതും അവരുടെ അറിവോടുകൂടിയുമാണ് റസിഡന്റ് കമ്മീഷണർ സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്തത്.